# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2747**

**19.06.2014 ൽ മറുപടിയ്ക്ക്**

യുനീക് എഡ്യുലാബ്സ് മുഖേന ലബോറട്ടറി ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. പി.റ്റി.എ.റഹീം** | **ശ്രീ. പി.കെ. അബ്ദുറബ്ബ്**<br>**(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| എ) സ്പെയിൻ സർക്കാരിൽ നിന്ന് ലോൺ ലഭ്യമാക്കി സംസ്ഥാനത്തെ എഞ്ചിനീയറിംഗ് സാങ്കേതിക സ്ഥാപനങ്ങൾ ഉൾപ്പെടെ തിരുച്ചിറപ്പള്ളി യുനീക് എഡ്യുലാബ്സ് മുഖേന ലബോറട്ടറി ഉപകരണങ്ങൾലഭ്യമാക്കുന്നത് സംബന്ധിച്ച് ചർച്ച നടത്തുന്നതിന് തീരുമാനമെടുത്തിരുന്നുവോ;<br><br>ബി) ഇതു സംബന്ധിച്ച ചർച്ച എന്നാണ് നടന്നതെന്ന് വ്യക്തമാക്കാമോ ;<br><br>സി) 35539/ജി2/13/H.Edn. നമ്പർ ഫയൽ പ്രകാരം ചർച്ചയ്ക്ക് ആധാരമായ പ്രോജക്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | എ) ബി) & സി) സംസ്ഥാനത്തെ എഞ്ചിനീയറിംഗ്, സാങ്കേതിക സ്ഥാപനങ്ങൾക്ക് സ്പെയിനിലെ എഡിബൺ ഇന്റർനാഷണൽ മുഖേന ലബോറട്ടറി ഉപകരണങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച് 25.01.2014 ന് ഉന്നത വിദ്യാഭ്യാസ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ മീറ്റിംഗ് നടത്തിയിരുന്നു, പ്രസ്തുത മീറ്റിംഗിൽ ഉപകരണങ്ങളുടെ ഉപയോഗം, മറ്റു വിശദാംശങ്ങൾ സംബന്ധിച്ച് സ്ഥാപനത്തിന്റെ പ്രതിനിധികൾ വിശദീകരിക്കുകയുണ്ടായി. എന്നാൽ ഇതു സംബന്ധിച്ച് വിശദമായ പ്രൊപ്പോസൽ സർക്കാരിലേക്ക് ലഭിച്ചിട്ടില്ല. ഇതു സംബന്ധിച്ച് സ്പാനിഷ് സർക്കാരുടെ പ്രതിനിധികളുമായി ചർച്ചകളൊന്നും നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ